കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം-പി7-1167/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി :30/07/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **പടിഞ്ഞാറേ കല്ലട** ഗ്രാമപഞ്ചായത്ത് - **2014-15** സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പടിഞ്ഞാറേ കല്ലട** ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-1, 3-2, 3-3, ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം-പി7-1167/16 തീയതി 30/07/2016

**<u>കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്തിന്റെ</u>**

**<u>2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

***(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

കൊല്ലം ജില്ലയിലെ **പടിഞ്ഞാറേ കല്ലട** ഗ്രാമ പഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10/02/2015 മുതൽ 30/06/2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.ഗീത. എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07/07/2016 മുതൽ 18/07/2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ.പി.മാത്യുറോയി | ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ |
| | | ശ്രീമതി.ആർ. ഷീജ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.എസ്. ഗോപകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ജി.അമ്പിളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തൃദീപ് കുമാർ | 01-04-2014 മുതൽ 31-03-2015വരെ |
| സെക്രട്ടറി | ശ്രീ.കെ.റ്റി. രാജൻ പണിക്കർ | 01-04-2014 മുതൽ 31-03-2015വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മോഹനകുമാർ | 01-04-2014 മുതൽ 31-03-2015വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുനിത എസ്. | 01-04-2014 മുതൽ 31-03-2015വരെ |
| വെറ്റിനറി സർജൻ | ജയകുമാർ.കെ | 01-04-2014 മുതൽ 31-03-2015വരെ |
| എ.ഇ | ശ്രീമതി.എസ്.സരിത | 01-04-2014 മുതൽ 31-03-2015വരെ |
| എച്ച്.എം. | ശ്രീമതി.സുമംഗല ദേവി | 01-04-2014 മുതൽ 31-03-2015വരെ |
| എം.ഓ. പി.എച്ച്.സി. | ഡോ. റിക്കി കൃഷ്ണൻ | 01-04-2014 മുതൽ 31-03-2015വരെ |
| എം.ഓ. ഹോമിയോ | ഡോ.സ്വപ്ന.സി. | 01-04-2014 മുതൽ 31-03-2015വരെ |
| എം.ഓ.ആയൂർവേദം | ഡോ.ബിമൽ കുമാർ | 01-04-2014 മുതൽ 31-03-2015വരെ |
| വി.ഇ.ഒ | ശ്രീ.രതീഷ് കുമാർ | 01-04-2014 മുതൽ 31-03-2015വരെ |
| എൽ വി.ഇ.ഓ | ശ്രീമതി.സാറുന്നീസ. | 01-04-2014 മുതൽ 31-03-2015വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.നസീമാൾ | 01-04-2014 മുതൽ 31-03-2015വരെ |

**ഉള്ളടക്കം**


| | ഭാഗം 1 | | |
|---|---|---|---|
| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ശാസ്താംകോട്ട കായൽ സംരക്ഷണം-അനുവദിച്ച തുക വക മാറ്റി | 2-1 | |
| 13 | ബാങ്ക് അക്കൗണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 2-2 | |
| 14 | ഒരു ലക്ഷം രൂപ മിനിമം ബാലൻസ് വേണ്ടുന്ന അക്കൗണ്ട് | 2-3 | |
| 15 | രസീതു പ്രകാരം വരാത്ത തുക ബാങ്ക് സ്റ്റേറ്റ്മെന്റിൽ | 2-4 | |
| 16 | രസീത് ക്യാൻസൽ ചെയ്തു – ഒറിജിനൽ ലഭ്യമാക്കിയില്ല | 2-5 | |
| 17 | ഡി. & ഓ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-6 | |
| 18 | അനധികൃത നിർമ്മാണം-ചട്ടങ്ങൾ പാലിക്കാതെ റെഗുലറൈസ് ചെയ്തു നൽകി | 2-7 | |
| | ഭാഗം 3 | | |
| 19 | ഓട്ടോറിക്ഷ/പിക്കപ്പ് ഓട്ടോറിക്ഷ വാങ്ങൽ -സബ്സിഡി ലഭിച്ച ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചില്ല | 3-1 | |
| 20 | പത്താംതരം തുല്യത -തുടർച്ചയായ വർഷങ്ങളിൽ അപേക്ഷിച്ചവർക്ക് ഫീസ് ഒടുക്കുന്നതിന് വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ചു | 3-2 | |
| 21 | ഉപയോഗിക്കാത്ത തെരുവുവിളക്കിന് വൈദ്യുതി ചാർജ്ജ് | 3-3 | |
| 22 | പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം-അധിക കോളങ്ങളുടെ സാങ്കേതികത്വം വിശദീകരിക്കാനാവാതെ എഞ്ചിനീയറിംഗ് വിഭാഗം | 3-4 | |
| 23 | ഫിഷർമെൻസ് ക്ലബിനു വേണ്ടി പണിഞ്ഞ കെട്ടിടം അനാഥം | 3-5 | |
| 24 | ട്രാക്ടർ വരവു ചെലവു രേഖകൾ കൃത്യമല്ല | 3-6 | |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന അനിവാര്യം | 3-7 | |
| 26 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 3-8 | |
| 27 | അങ്കണവാടി കെട്ടിടം ഭൂമി മറ്റുള്ളവരുടെ പേരിൽ | 3-9 | |

| | | | |
|---|---|---|---|
| 28 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങിയെങ്കിലും സെക്രട്ടറിയുടെ പേർക്ക് പോക്കുവരവ് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-10 | |
| 29 | നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങിയിരിക്കുന്നു. | 3-11 | |
| 30 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗരേഖ ഹാജരാക്കിയില്ല | 3-12 | |
| 31 | പ്രവർത്തനമില്ലാതെ പഞ്ചായത്ത് ലൈബ്രറി | 3-13 | |
| 32 | WGDP- പ്ലാൻ ഫണ്ട് പിൻവലിച്ച് ഒരു വർഷം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു | 3-14 | |
| 33 | അംഗൻവാടികൾ പലതും പ്രവർത്തിക്കുന്നത് അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ | 3-15 | |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല, റോഡ് അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ ലഭ്യമല്ല | 3-16 | |
| 35 | പശ്ചിമഘട്ട വികസനം മാർഗ്ഗരേഖ പാലിക്കുന്നില്ല | 3-17 | |
| | ഭാഗം 4 | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |

## ഭാഗം –1

## പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 21/02/2014 തിയതിയിലെ II -ാം നംപർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2015 | 23/07/2015 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2014-15 | 16.09.2015 | കെ.എസ്.എ-കെ.എൽ.എം-പി 7/2031/15 തീയതി 06.11.2015 |

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7449532/-രൂപ |
| വരവ് | 67289575/-രൂപ |
| ആകെ | 74739107/-രൂപ |
| ചെലവ് | 66199890/-രൂപ |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 8539217/-രൂപ |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | Nil | 6314000 | 6314000 | 6111316 | 202684 | 96.7 |
| വികസനഫണ്ട് എസ്.സി.പി. | Nil | 7018000 | 7018000 | 6440200 | 577800 | 91.76 |
| വികസനഫണ്ട് ടി.എസ്.പി. | Nil | 36000 | 36000 | 36000 | Nil | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | Nil | 2320000 | 2320000 | 2320000 | Nil | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | Nil | 2180000 | 2180000 | 2141601 | 38399 | 98.23 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Nil | 5805290 | 5805290 | 5767818 | 37472 | 99.35 |
| പെർഫോമൻസ് ഗ്രാന്റ് | Nil | 2208000 | 2208000 | Nil | 2208000 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 26630 | 747236 | 747236 | 773866 | Nil | 100 |
| ബി ഫണ്ട് | Nil | 14846553 | 14846553 | 14846553 | Nil | 100 |

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ-ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 51713457 | 101 | 36080804 | 12 | 21 | 69.77 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. ഭവന നവീകരണം (146/15 ) 280000
2. പഞ്ചായത്ത് ആഫീസ് ക്യാബിൻ നവീകരണം (145/15) 2208000
3. അംഗൻവാടി നം.29 മെയിൻറനൻസ് വാർഡ് 2 (95/15) 100000
4. അംഗൻവാടി നം.38 മെയിൻറനൻസ് വാർഡ്14 (101/15) 100000
5. അംഗൻവാടി നം.35 മെയിൻറനൻസ് (103/15) 100000
6. അംഗൻവാടി നം.37 മെയിൻറനൻസ് (104/15) 103000
7. അംഗൻവാടി നം.32 മെയിൻറനൻസ് (105/150 100000
8. അംഗൻവാടി നം.30 മെയിൻറനൻസ് (106/15) 123000
9. അംഗൻവാടി നം.34 മെയിൻറനൻസ് (108/15) 100000
10. പൌരാവകാശ രേഖ പ്രസിദ്ധീകരിക്കൽ (20/15) 30000
11. പൊതു ശ്മാശാനത്തിന് സ്ഥലം വാങ്ങൽ (85/15) 2500000
12. ഐ.എസ്.ഒ .കൺസൾട്ടൻറ് , സർട്ടിഫിക്കേഷൻ ഫീസ് (132/15) 110000
13. അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (133/15) 20000
14. ഇ-സാക്ഷരത (137/15) 600000
15. അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ (79/15) 450000
16. അംഗൻവാടികളുടെ അധിക വാടക (122/15) 25000
17. അംഗൻവാടി കെട്ടിടത്തിന് സ്ഥലം വാങ്ങൽ (123/15) 200000
18. തെങ്ങുംതറ-കരിക്കടഭാഗം റോഡ് മെറ്റലിംഗ് (128/15) 100000
19. പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിൻറനൻസ് (141/15) 195000
20. മുട്ടത്ത്ഭാഗം റോഡ് മെറ്റലിംഗ് (69/15) 1110000
21. കുമ്പളത്തറ –തച്ചാറ മുക്ക് റോഡ് മെറ്റലിംഗ് (140/15) 275000

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാന ത്തിൽ താഴെ പറയും പ്രകാരം 18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1510074 | 2283250 | 773176 | |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 3627367 | 3712032 | 84665 | |
| മറ്റുവരവുകൾ | 4175480 | 5381541 | 1206061 | |
| ആകെ | 9312921 | 11376823 | 2063902 | +18 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 522960 | 270 |
| കർഷകതൊഴിലാളി പെൻഷൻ | 3562996 | 502 |
| വിധവാപെൻഷൻ | 5708762 | 517 |
| വാർദ്ധക്യകാലപെൻഷൻ | 2398635 | 321 |
| വികലാംഗപെൻഷൻ | 2106100 | 248 |
| അവിവിഹിത പെൻഷൻ | 117600 | 14 |
| വിവാഹ ധനസഹായം | 420000 | 14 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/07/2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2207/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം.

ഫയലുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നു. ഓൺ ലൈൻ പേയ്മെന്റിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് ക്രയവിക്രയങ്ങൾ ഇല്ലാതെ സൂക്ഷിക്കുന്നു. ബാങ്ക് ചാർജ്ജ് ക്രമരഹിതമായി ഈടാക്കി വരുന്നു. ആയത് ഒഴിവാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/05/2015 to 30/05/2015 | 01/10/2014 to 31/03/2015 | 20/08/2015 |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30/01/2013 | 2007-08 to 2011-12 | 13/03/2013 |

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ശാസ്താംകോട്ട കായൽ സംരക്ഷണം-അനുവദിച്ച തുക തുക വകമാറ്റി ചെലവഴിച്ചു.

കേരളത്തിലെ ഏക ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലിന്റെ തനിമ നിലനിർത്തുന്നതിനായി ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 24.03.15 തീയതിയിലെ 206/G/2009/SM നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ 756000/- രൂപയുടെ ചെക്കുകൾ (0944368/21.03.15-400000/-രൂപ, 095347/21.03.15 - 356000/-രൂപ) യഥാക്രമം 27.03.15 തീയതിയിലെ 11410500010, 1141050011 എന്നീ നമ്പർ രസീതുകൾ പ്രകാരം വരവിലെടുത്ത് 28-03-2015 ന് ജില്ലാ സഹകരണ ബാങ്കിന്റെ ശാസ്താംകോട്ട ശാഖയിൽ നിക്ഷേപിച്ചു. ശാസ്താംകോട്ട കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണത്തിനായി ശുചിത്വമിഷനിൽ നിന്ന് ലഭിച്ച തുക നാളിതു വരെ ഈ ആവശ്യത്തിനായി ചെലവാക്കിയില്ല. പ്രസ്തുത തുക ആയതിനു വേണ്ടി വിനിയോഗിക്കാതെ ശമ്പളം ഉൾപ്പെടെയുള്ള മറ്റു ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/6.07.16 ) മറുപടിയായി, ഈ തുക നാളിതു വരെ ആയതിനു വേണ്ടി ചെലവാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിലെ തനതു ഫണ്ട് അക്കൌണ്ടിന്റെ ബാലൻസ് 756000/- ൽ താഴെയാണ്. 1.07.15 മുതൽ ഉള്ള തനതു ഫണ്ട് ബാലൻസ് തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| തീയതി | ബാലൻസ് |
|---|---|
| 1.07.15 | 729943.89 /-രൂപ |
| 28.03.16 | 722474.89 /-രൂപ |
| 2.04.16 | 630912.89 /-രൂപ |
| 30.06.16 | 169293.89 /-രൂപ |

1.07.15 മുതൽ നാളിതു വരെ തനതു ഫണ്ട് നീക്കിയിരുപ്പ് പ്രസ്തുത തുകയിൽ (756 000/-രൂപ) താഴെയാണെന്നു കാണുന്നു. ആയതിനാൽ തനതു ഫണ്ടിൽ നിക്ഷേപിച്ചിരുന്ന തടാക സംരക്ഷണത്തിനുള്ള ഫണ്ടിൽ നിന്നുമാണ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റു ദൈനം ദിന ചെലവുകൾക്കും തുക ഉപയോഗിക്കുന്നത് എന്ന് വ്യക്തമാകുന്നു. 2014-15, 2015-16 വർഷങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതി തുകകൾ യഥാക്രമം 448036/- രൂപയും, 447553/- രൂപയും ആണ്. ആയത് പിരിച്ചെടുക്കാതെ പ്രത്യേക ആവശ്യത്തിനായി അനുവദിച്ച തുക മറ്റാവശ്യങ്ങൾക്ക് ചെലവഴിച്ചിരിക്കുന്നത് അംഗീകരിക്കാനാവില്ല. കായൽ സംരക്ഷണത്തിനു ലഭിച്ച തുക ആയതിലേക്ക് ഉപയോഗിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക തിരിച്ചടവാക്കേണ്ടതുമാണ്. .

2-2 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.

14-10-14 തീയതിയിലെ കമ്മിറ്റി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ നികുതി, ഫീസ് പിരിവുകളുടെ online payment നടത്തുന്നതിനായി ശാസ്താംകോട്ട SBT യിൽ ആരംഭിച്ച 67298442577 നമ്പർ അക്കൌണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2-3 ഒരു ലക്ഷം രൂപ മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ചാർജ്ജ് ഈടാക്കുന്നു

പശ്ചിമഘട്ട വികസന പദ്ധതി - ജനറൽ (അക്കൗണ്ട് നമ്പർ 10830100156429), പശ്ചിമഘട്ട വികസന പദ്ധതി - SC/ST (അക്കൗണ്ട് നമ്പർ 10830100156411) എന്നീ ഫെഡറൽ ബാങ്ക് അക്കൗണ്ടുകൾ 03/2015 മുതൽ മിനിമം ബാലൻസ് ഒരു ലക്ഷം രൂപ എന്ന സ്കീമിലാണ് 20.03.2014 -ൽ ആരംഭിച്ചിട്ടുള്ളത്. ആയതിനാൽ മിനിമം ബാലസ് ഒരു ലക്ഷത്തിൽ കുറവു വന്ന കാലയളവു മുഴുവൻ മിനിമം ബാലൻസ് ചാർജ് എന്ന പേരിൽ ബാങ്ക് ചാർജ്ജ് ഈ ടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/16.07.2016 -ന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഈടാക്കിയ ബാങ്ക് ചാർജ്ജ് | |
|---|---|---|
| | അക്കൗണ്ട് നമ്പർ 10830100156429 | അക്കൗണ്ട് നമ്പർ 10830100156411 |
| 05.06.2015 | 154 | 86 |
| 05.06.2015 | 154 | 86 |
| 03.07.2015 | 154 | 86 |
| 05.08.2015 | 154 | 137 |
| 07.09.2015 | 154 | 154 |
| 08.10.2015 | 154 | 154 |
| 12.11.2015 | 154 | 154 |
| 11.12.2015 | 155 | 155 |
| 11.01.2016 | 155 | 155 |
| 08.02.2016 | 155 | 155 |
| 16.03.2016 | 155 | 155 |
| 16.04.2016 | 155 | 155 |
| 19.05.2016 | 155 | 155 |
| 22.06.2016 | 173 | 173 |
| 12.07.2016 | 173 | 173 |
| ആകെ | 2354 | 2133 |

ഇങ്ങനെ ബാങ്ക് ചാർജ്ജ് ഇനത്തിൽ തുക നഷ്ടമാകുന്നതിനെതിരെ നാളിതുവരെ യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് ഈ അപാകത ചൂണ്ടിക്കാണിക്കുന്നതുവരെ

യാതൊരു കത്തിടപാടുകളും ബാങ്കുമായി നടത്തിയിട്ടില്ല. ആയതിനാൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ ആകെ നഷ്ടമായ 4487/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി തിരികെ ഇൗടാക്കേണ്ടതാണ്.

2-4 രസീത് പ്രകാരം വരാത്ത തുക ബാങ്ക് സ്റ്റേറ്റ്മെന്റിൽ

രസീത് നൽകിയിട്ടില്ലാത്ത തുക ബാങ്ക് അക്കൗണ്ടിൽ വരവു വച്ചതായി കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടായ കൊല്ലം ജില്ലാ സഹകരണ ബാങ്ക്, ശാസ്താകോട്ട ശാഖയിലെ 03015120100005 നമ്പർ അക്കൗണ്ടിൽ 05.04.2016 തീയതിയിൽ പഞ്ചായത്തിൽ രസീത് നൽകി വരവ് കാണിച്ചിട്ടില്ലാത്ത 17075/- രൂപയാണ് വരവ് വന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/12.07.16) മറുപടിയായി ടി തുക പഞ്ചായത്ത് സെക്രട്ടറിയുടെ അനുവാദമില്ലാതെ കൃഷി ഓഫീസർ നേരിട്ട് അടവാക്കിയതാണെന്ന് എന്നും ആയതിന് കാരണം കാണിക്കാൻ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇൗ മറുപടി അംഗീകരിക്കാനാവില്ല. പ്രസ്തുത തുക ഏതിനത്തിൽപ്പെട്ടതാണ് എന്ന് കൃത്യമായി ബോധ്യപ്പെടുത്തേണ്ട ചുമതല സെക്രട്ടറിയുടേതാണ്. ആയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2-5 ക്യാൻസൽ ചെയ്ത രസീത് - ഒറിജിനൽ ലഭ്യമാക്കിയില്ല

15.02.2016 ൽ ബി.രമേശൻ, എൽ.ഡി.സി. യുടെ 4857-ാം നമ്പർ രസീത് ബുക്കിൽ 1 മുതൽ 43 വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തു. എന്നാൽ ഇൗ രസീതുകളിൽ 13, 15 എന്നീ നമ്പറിലുള്ള രസീതുകളുടെ ഒറിജിനൽ ഇല്ലാതെയാണ് ക്യാൻസൽ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/12-07-2016) camp collection ൽ വച്ച് കാർബൺ മാറി പോയതുകൊണ്ട് സംഭവിച്ച അബദ്ധം ആണെന്നും 13, 15 എന്നിവ ഒഴികെ എല്ലാ രസീതുകളും ഒറിജിനൽ വാങ്ങി ഒട്ടിച്ചു വച്ചിട്ടുണ്ട് എന്നും ഈ രണ്ട് രസീതുകളുടെ തുക ഒടുക്കു വരുത്തിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രസീതുകൾ ഹാജരാക്കേണ്ടതാണ്.

2-6 കൊമേഴ്ഷ്യൽ കെട്ടിടങ്ങൾ ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ കൊമേഴ്ഷ്യൽ കെട്ടിടങ്ങളിൽ ഡി. & ഒ. ലൈസൻസ് എടുക്കാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ആകെ കെട്ടിടങ്ങൾ | റസിഡൻഷ്യൽ ബിൽഡിംഗ്സിന്റെ എണ്ണം | കൊമേഴ്ഷ്യൽ ബിൽഡിംഗ്സിന്റെ എണ്ണം | ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളവ | ഒഴിഞ്ഞു കിടക്കുന്നവ | ഡി&ഒ ലൈസൻസ് എടുത്തിട്ടില്ലാത്തവ |
|---|---|---|---|---|---|---|
| 1 | 605 | 350 | 239 | 50 | - | 189 |
| 2 | 436 | 388 | 31 | 12 | - | 19 |
| 3 | 551 | 470 | 65 | 14 | - | 51 |
| 4 | 511 | 414 | 58 | 17 | - | 41 |
| 5 | 497 | 433 | 36 | 14 | - | 22 |
| 6 | 427 | 358 | 51 | 8 | - | 43 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 486 | 387 | 76 | 8 | - | 68 |
| 8 | 453 | 355 | 82 | 19 | - | 63 |
| 9 | 467 | 351 | 91 | 18 | - | 73 |
| 10 | 448 | 380 | 45 | 6 | - | 39 |
| 11 | 385 | 322 | 30 | 15 | - | 15 |
| 12 | 376 | 326 | 32 | 16 | - | 16 |
| 13 | 387 | 327 | 42 | 15 | - | 27 |
| 14 | 360 | 307 | 26 | 6 | - | 20 |
| ആകെ | | | 904 | | | 686 |

ആകെയുള്ള 904 കൊമേഴ്സ്യൽ കെട്ടിടങ്ങളിൽ 218 എണ്ണം മാത്രമേ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കി കെട്ടിടങ്ങൾ സെക്രട്ടറിയുടെ അനുവാദം കൂടാതെ പ്രവർത്തിക്കുന്നതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/12.07.16) മറുപടിയായി ഈ പഞ്ചായത്തിൽ 451 കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നതായും 88 എണ്ണം ഓഫീസ് കെട്ടിടങ്ങളുമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളുടെ നമ്പർ ഇവയുടെ വേക്കൻസി റെമിഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ എന്നിവയും ഓഫീസ് കെട്ടിടങ്ങളുടെ വിവരങ്ങളും ലഭ്യമല്ല. ആയതിനാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. കൊമേഴ്സ്യൽ കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവർക്കെതിരേ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതും മറുപടി സാധൂകരണത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

2-7 അനധികൃത നിർമ്മാണം -ചട്ടങ്ങൾ പാലിക്കാതെ റെഗുലറൈസ് ചെയ്തു നൽകി.

ചട്ടങ്ങൾ പാലിക്കാതെ റോഡിൽ നിന്നും 1.6 m ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ നല്കി. ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച I/614 നമ്പർ കെട്ടിടം പരിശോധനാ വിധേയമാക്കിയപ്പോൾ കെട്ടിടത്തിന്റെ മുൻഭാഗം ഒന്നാം തരം റോഡിൽ നിന്നും 1.6m ദൂര പരിധിയിൽ മാത്രമാണ് നിലനിൽക്കുന്നത് എന്ന് കാണാൻ കഴിഞ്ഞു.ചട്ട വിരുദ്ധമായി റഗുലറൈസ് ചെയ്തു നൽകാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഓട്ടോറിക്ഷ/പിക്കപ്പ് ഓട്ടോറിക്ഷ വാങ്ങൽ- സബ്സിഡി ലഭിച്ച ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2014-15 വർഷത്തിൽ നടപ്പിലാക്കിയ ഓട്ടോറിക്ഷ/പിക്കപ്പ് ഓട്ടോറിക്ഷ വാങ്ങൽ (പ്രോജക്ട് നമ്പർ.72/14-15) എന്ന പദ്ധതിക്കായി വികസന ഫണ്ട്(എസ്.സി.പി) ഇനത്തിൽ 500000/- രൂപയും തനത് ഫണ്ടിനത്തിൽ 250000/- രൂപയും ഉൾപ്പടെ ആകെ 750000/- രൂപ വകയിരുത്തുകയും 500000/-രൂപ(ബിൽ നമ്പർ. 22/14-15/31.3.15) ചെലവഴിക്കുകയും ചെയ്തു. പട്ടിക ജാതി

വിഭാഗത്തിൽപ്പെട്ട 15 യുവതി/യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 50000/- രൂപ വീതം സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. വായ്പാ ബന്ധിത പ്രോജക്ടായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ബാക്ക് എൻഡഡ് സബ്സിഡിയായിട്ടാണ് അനുവദിച്ചിട്ടുള്ളത്. 10 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിക്കുന്നതാണെന്ന് 27.3.15 ൽ ഫെഡറൽ ബാങ്ക് പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പ്രോജക്ടിനായി 10 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതമായ 500000/- രൂപ (10X50000) ഡി.ഡി നമ്പർ. 583154/2.4.15 പ്രകാരം ഫെഡറൽ ബാങ്കിന്റെ പടിഞ്ഞാറേ കല്ലട ശാഖയിൽ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 7 ഗുണഭോക്താക്കൾക്ക് മാത്രമേ ബാങ്ക് ലോൺ അനുവദിച്ചിട്ടുള്ളൂ. മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നമ്പർ.14/11.7.2016) ശേഷിക്കുന്ന 3 ഗുണഭോക്താക്കൾക്ക് എത്രയും വേഗം ലോൺ അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതാണെന്ന് ബാങ്കിൽ നിന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽ 3 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സബ്സിഡി ഇനത്തിൽ നൽകിയ 150000/- രൂപ (3X50000) ബാങ്കിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

3-2 പത്താംതരം തുല്യതാ പരീക്ഷ- തുടർച്ചയായ വർഷങ്ങളിൽ അപേക്ഷിച്ചവർക്ക് ഫീസ് ഒടുക്കുന്നതിന് വികസനഫണ്ടിൽ നിന്നും തുക നല്കി

2014-15 സാമ്പത്തിക വർഷത്തിൽ ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ് വലിയപാടം നിർവ്വഹണം നടത്തിയ സാക്ഷരതാ തുല്യതാ പരീക്ഷ (പ്രോജക്ട് നമ്പർ 135/15)എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 81000/-രൂപ വകയിരുത്തുകയും ബിൽ നമ്പർ 7/14-15/30.3.15 പ്രകാരം തുക പിൻവലിച്ച് 45 പഠിതാക്കൾക്കളുടെ പത്താം തരം തുല്യതാ പരീക്ഷയുടെ കോഴ്സ് ഫീസ് ഇനത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകി(ഡിഡി നം 582715/30.3.15)

പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ സാക്ഷരതാ തുല്യതാ പരീക്ഷാ ബോർഡിന്റെ തീരുമാനപ്രകാരം, തുല്യത പരീക്ഷയ്ക്ക് അപേക്ഷിച്ച വർഷം മുതൽ തുടർച്ചയായ 3 വർഷത്തേക്ക് പഠിതാവ് വീണ്ടും അപേക്ഷിക്കുന്ന പക്ഷം കോഴ്സ് ഫീസ്(1500/-രൂപ), പുസ്തക വില(500/-രൂപ) എന്നീയിനത്തിൽ ആകെ 1800/- രൂപ വീതം സാക്ഷരതാ മിഷനിലേക്ക് അടയ്ക്കേണ്ടതില്ല. എന്നാൽ ടി പ്രോജക്ടിൽ 2013-14ൽ ജില്ലാ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്ത 16 പഠിതാക്കൾക്ക് 2014-15 വർഷത്തിലും തുല്യത പരീക്ഷ എഴുതിയതിന് വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ച് ജില്ല സാക്ഷരതാ മിഷനിൽ അടവാക്കിയിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | 2013-14വർഷത്തിലും 2014-15 ലും ഫീസ് അടച്ചവർ | 2013-14വർഷം ഒടുക്കിയ തുക,ബിൽ നം. | 2014-15വർഷം ഒടുക്കിയ തുക,ബിൽ നം. |
|---|---|---|---|
| 1 | മധു, കരിങ്ങോട്ട്, ഐത്തോട്ടുവ | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 |

| | | | |
|---|---|---|---|
| | | | |
| 2 | ഷാജി, കല്ലുംമൂട്ടിൽ, കോതപുരം, കാരാളി | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 3 | സുധീഷ്, കുണ്ടത്ത് വടക്കതിൽ, കോതപുരം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 4 | വിനോദ്, വാഴയിൽ തെക്കതിൽ, കാരാളി | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 5 | സന്ദീപ്, കണ്ണമ്പലത്ത്, ഐത്തോട്ടുവ | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 6 | ശ്രീലേഖ, ഒറ്റത്തയ്യിൽ, ഐത്തോട്ടുവ | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 7 | രതീഷ്, രതീഷ് ഭവനം, ഐത്തോട്ടുവ | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |

| | | | |
|---|---|---|---|
| 8 | അനിൽകുമാർ, നന്ദനം, വലിയപാടം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 9 | വിജയൻ പിള്ള, ദീപാരാധന, കോയിക്കൽ ഭാഗം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 10 | മോഹനൻ പിള്ള, കൊച്ചുവീട്ടിൽ, വലിയപാടം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 11 | സിന്ധു, കണിയാന്റയ്യത്ത്, വലിയപാടം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 12 | ബാലചന്ദ്രൻ, മഞ്ജുഭവനം, കോയിക്കൽ ഭാഗം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |
| 13 | അനിൽകുമാർ, തുണ്ടിൽ തറയിൽ, വലിയപാടം | 1300/-രൂപ 3/13-14/24.12.13 | 1800/-രൂപ 7/14-15/30.3.15 1800/-രൂപ 7/14-15/30.3.15 |

| | | | |
|---|---|---|---|
| 14 | നസീമ, കുറ്റിക്കല്ലുംപുറത്ത്, വലിയപാടം | 1300/-രൂപ<br>3/13-14/24.12.13 | 1800/-രൂപ<br>7/14-15/30.3.15<br>1800/-രൂപ<br>7/14-15/30.3.15 |
| 15 | സീതമ്മ, കൊച്ചുവീട്ടിൽ, വലിയപാടം | 1300/-രൂപ<br>3/13-14/24.12.13 | 1800/-രൂപ<br>7/14-15/30.3.15<br>1800/-രൂപ<br>7/14-15/30.3.15 |
| 16 | നിസ്സാം, കുറ്റിക്കല്ലുംപുറത്ത്, വലിയപാടം | 1300/-രൂപ<br>3/13-14/24.12.13 | 1800/-രൂപ<br>7/14-15/30.3.15<br>1800/-രൂപ<br>7/14-15/30.3.15 |
| | ആകെ | 20800/- | 28800/- |

2014-15 സാമ്പത്തിക വർഷത്തിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തവരിൽ 2013-14 ലും ഫീസ് അടച്ച് രജിസ്റ്റർ ചെയ്ത 16 പഠിതാക്കൾക്കായി വികസന ഫണ്ടിൽ നിന്നും 2014-15 ൽ 28800/-രൂപ അധികം ചെലവഴിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എന്ക്വയറി 7/12.7.16 ന് നല്കിയ മറുപടിയിൽ തുല്യത പരീക്ഷയ്ക്ക് അപേക്ഷിച്ച വർഷം മുതൽ തുടർച്ചയായ 3 വർഷത്തേക്ക് പഠിതാവ് വീണ്ടും അപേക്ഷിക്കുന്ന പക്ഷം വീണ്ടും തുക സാക്ഷരതാ മിഷനിലേക്ക് ഫീസ് അടയ്ക്കേണ്ടതില്ല എന്ന നിയമം അറിയാഞ്ഞതുകൊണ്ട് സംഭവിച്ച പിഴവാണ് എന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-3 ഉപയോഗിക്കാത്ത തെരുവ് വിളക്കിന് വൈദ്യുതി ചാർജ്

2014-15 വർഷത്തിൽ പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്ക് പരിശോധിച്ചപ്പോൾ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കിയതായി കാണുന്നു. 2014-15 വർഷത്തിൽ ആകെ 713406/- രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി ഒടുക്കിയിട്ടുള്ളത്. ശാസ്താംകോട്ട ഇലക്ട്രിക്കൽ സെക്ഷന്റെ കണക്ക് പ്രകാരം 8/2014 മുതൽ ബാധകമായ തെരുവ് വിളക്കിന്റെ നിരക്ക് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| | | | (രൂപ) |
| ഓർഡിനറി ബൾബ് (40w) | 372 | 4/14to7/14 @ 49/-രൂപ<br>8/14to3/15 @ 61/-രൂപ | 18228<br>22692 |
| ഓർഡിനറി ബൾബ് (60w) | 65 | 4/14to7/14 @ 75/-രൂപ<br>8/14to3/15 @94/-രൂപ | 4875<br>6110 |
| ട്യൂബ് (2X40w) | 256 | 124 | 31744 |
| സി.എഫ്.എൽ(18w) | 86 | 12 | 1032 |
| സി.എഫ്.എൽ(22w) | 205 | 14 | 2870 |
| മെർക്കുറി വേപ്പർ ലാമ്പ് (125 w) | 3 | 206 | 618 |

മേൽപ്പറഞ്ഞതിൽ ഓർഡിനറി ബൾബുകൾക്കായി 2014-15 സാമ്പത്തിക വർഷത്തിൽ 322828/- രൂപയാണ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/14-07-16) നൽകിയ മറുപടിയിൽ തെരുവ് വിളക്കുകളുടെ കണക്ക് എടുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ തെരുവ് വിളക്കുകളുടെ യഥാർത്ഥ കണക്ക് ലഭ്യമാക്കുന്നതിലേക്ക് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി യഥാർത്ഥ കണക്കുകൾ തിട്ടപ്പെടുത്തേണ്ടതും ആയതിൻ പ്രകാരം വൈദ്യുതി ചാർജ്ജ് ക്രമീകരിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഭരണസമതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെ നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ പേരിൽ കെ.എസ്സ്.ഇ.ബി.യിൽ ഒടുക്കിയ തുകകൾ കണക്കാക്കി തുടർ ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

3-4 പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം-അധിക കോളങ്ങളുടെ സാങ്കേതികത്വം വിശദീകരിക്കാനാവാതെ എഞ്ചിനീയറിംഗ് വിഭാഗം.

രണ്ട് ഘട്ടങ്ങളിലായി നടത്തിയിട്ടുള്ള പഞ്ചായത്ത് ഓഫീസ് രണ്ടാം നിലയുടെ നിർമ്മാണം 30-05-2014 നാണ് പൂർത്തീകരിച്ചിട്ടുള്ളത് (M.Book No. 39/AE/13-14 – page no. 10) . ഇതിനായി രണ്ടു പ്രോജക്ടുകളായിരുന്നു നടപ്പിലാക്കിയത്.

(1) പ്രോജക്ട നമ്പർ- 36/14 - പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം

ചെലവ്- 1485528/-രൂപ (M.Book No. 25/AE/2013-4)

(2) പ്രോജക്ട നമ്പർ - 107/14 - പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം (രണ്ടാം ഘട്ടം)

ചെലവ്- 692062/-രൂപ (M. Book No. AE/13-14, M. Book No. 39/AE/13-14)

ഭൗതിക പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ പ്രധാന ഹാളിൽ പ്രധാന സ്ഥലം ഏറെയും അപഹരിച്ച് നാലു പില്ലറുകൾ രണ്ടെണ്ണം വീതം ഒരേ ബീമിന്റെ ഭാഗമായി സ്ഥിതി ചെയ്യുന്നതായി കാണാൻ കഴിഞ്ഞു. ഇവ തമ്മിലുള്ള അകലം വെറും അര മീറ്റർ മാത്രമാണ്. പ്രഥമ ദൃഷ്ട്യാ തന്നെ അസൗകര്യമുണ്ടാക്കുന്നതെന്നും, അനാവശ്യമെന്നും ബോധ്യമാകുന്ന പ്രസ്തുത നിർമ്മിതിയുടെ സാങ്കേതികമായ അനിവാര്യത ബോധ്യപ്പെടുത്തണമെന്ന് അസി. എഞ്ചിനീയറോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. ആയതിന് പ്രസ്തുത കോളങ്ങൾ ഒഴിവാക്കാമായിരുന്നുവെന്നും, സ്ടക്ചറിന്റെ കെട്ടുറപ്പിനെ ഗുണപരമായി യാതൊരു തരത്തിലും ഈ കോളങ്ങൾ സഹായിക്കുന്നില്ലെന്നുമുള്ള നിലയിൽ അസി. എഞ്ചിനീയർ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. പരിചയക്കുറവു മൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതെന്നും മറുപടിയിൽ പറയുന്നു.

എം. ബുക്ക പ്രകാരം കണക്കാക്കിയിട്ടുള്ള ആകെ കോളങ്ങളുടെ അളവിൽനിന്നും അധികമായി നിർമ്മിച്ചിട്ടുള്ള പില്ലറുകളുടെ അളവ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. Item no. 5. Reinforcement for RCC columns.

Main 12mmd – 2x4x3.27 = 26.16

Lap 12mmd – 2x4x0.60= 4.80

30.96x0.89kg/m = 27.55kg

Stirrups 8mmd – 2x26x0.80=41.60x0.395kg/m = 16.43kg

43.98kg

അതായത് 0.4398 qtl.

Say 0.4398 qtl @ 6339/qtl = 2787.89/-രൂപ

Item no. 1.RCC 1:2:4 using 20mm broken stone for columns

Column – 2x0.23x0.40x3.27 = 0.601m3 = 601dm3

Say 601dm3 @ 156.60/10dm3 = 9411.66/-രൂപ

II.Item no. 11. Finishing new cement plastered wall with cement water proof paint.

2x1.26x3.15 = 7.938m2

Say 7.938 m2@565/10m2 =Rs. 448.50

Item no. 3. Plastering with CM 1:4, 12mm thick one coat floated hand and trowelled smooth

2x1.26x3.15 = 7.938m2

Say 7.938m2@ 1840/10m2 = 1460.60/- രൂപ

Total amount = 2787.89 + 9411.66 + 448.50 + 1460.60 = 14108.65 രൂപ

പ്രോജക്ടുകളുടെ ചെലവു വിശദാംശങ്ങൾ

പ്രോജക്ട നം.36/14
1381221/-രൂപ (Bill No. 19/14, dated 15-03-2014)

104307/-രൂപ (Ch. No. 1225734/11-03-2014)

107/14- 597189/-രൂപ (Bill No. 28/14, dated 31-03-2014)

151212/-രൂപ (Ch. No. 1225747/08-12-2014)

ഖണ്ഡികയിൽ പരാമർശിക്കുന്ന കോളങ്ങൾ കെട്ടിടത്തിന്റെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമല്ലാത്തതിനാലും, അതേസമയം ഇതു കെട്ടിടത്തിന്റെ സ്ഥലസൗകര്യത്തെ സാരമായി അപഹരിക്കുന്നതായി പ്രഥമദൃഷ്ട്യാതന്നെ ബോധ്യപ്പെടുന്നതിനാലും, ഇത് ഒഴിവാക്കാമായിരുന്നുവെന്ന് അസി. എഞ്ചിനീയർ സാങ്കേതിക റിപ്പോർട്ട് തന്നിട്ടുള്ളതിനാലും (ഓഡിറ്റ് എൻക്വയറി നം. 25 തീയതി 16-07-2016) പ്രസ്തുത കോളങ്ങൾക്ക് ചെലവായതായി അളവു പുസ്തകത്തെ ആധാരമാക്കി അസി. എഞ്ചിനീയർ കണക്കാക്കി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ചെലവ് തുക 14109/- രൂപ നിരാകരിക്കുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയ അസി. എഞ്ചിനീയർ, ആയവസ്ക്ക് അംഗീകാരം നൽകിയ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും നഷ്ടം തുല്യമായി ഈടാക്കേണ്ടതാണ്.

3-5 ഫിഷർമെൻസ് ക്ലബ്ബിനു വേണ്ടി പണിഞ്ഞ കെട്ടിടം അനാഥം

തനതു ഫണ്ടിൽ നിന്നും 200000/- രൂപയും എക്സ്റ്റേർണലി എയിഡഡ് പരിപാടി എന്ന ശീർഷകത്തിൽ 400000/- രൂപയും ഉൾപ്പെടെ 600000/- രൂപ വകയിരുത്തി 2014-15 വർഷം നടപ്പിലാക്കിയ 'കൺസ്ട്രക്ഷൻ ഓഫ് ഫിഷർമെൻസ് ക്ലബ്ബ് ഇൻ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്'' (പ്രോജക്ട് നം. 80/15) എന്ന പ്രോജക്ടിന് 453738/- രൂപാ ചെലവഴിച്ചതായി കാണുന്നു( ചെക്ക് നം. 1225775/31-03-2015).

"ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന മൽസ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധി അതുപോലെയുള്ള വികസന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയാണ് ഇങ്ങനെയൊരു പ്രോജക്ടിൽ ഉൾപ്പെടുത്തി കെട്ടിടം പണി നടത്തുന്നത് " എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അതേസമയം ഗുണഭോക്തൃസമിതി മുഖേന നടത്തിയിട്ടുള്ള ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ സമിതിയംഗങ്ങൾ യഥാർത്ഥത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളല്ല എന്ന് രേഖാമൂലമുള്ള അന്വേഷണങ്ങളിൽ നിന്നു മനസ്സിലായി. മൽസ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ട ആരുംതന്നെ ഗുണഭോക്തൃസമിതിയിൽ അംഗങ്ങളായിരുന്നില്ല.

2014-15 വർഷം പണി പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിൽ ഇപ്പോൾ യാതൊരു പ്രവർത്തനങ്ങളും നടത്താതെ പൂട്ടിയിട്ട നിലയിലാണ് എന്ന് സ്ഥല പരിശോധനയിൽ നിന്നു വ്യക്തമായി. അശാസ്ത്രീയമായി നടത്തിയിട്ടുള്ള എക്സ്റ്ററൻഷൻ പ്രവൃത്തി ആയതിനാൽ ഭിത്തിയിലൂടെ മഴവെള്ളമിറങ്ങി കെട്ടിടത്തിനുള്ളിൽ തളം കെട്ടി നിൽക്കുന്നു.

കെട്ടിടം പണിതിട്ടുള്ള ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, കെട്ടിടം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിടത്തിന്റെ പ്ലാൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല. ഗുണഭോക്തൃ സമിതി കൺവീനറെയോ ചെയർമാനെയോ തിരിച്ചറിയുന്നതിനുള്ള യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മാർഗ്ഗരേഖകളോ മാനദണ്ഡങ്ങളോ പാലിക്കാതെ പണിതിട്ടുള്ള കെട്ടിടം ഉപയോഗ ശൂന്യമാക്കിയിട്ടിരിക്കുന്ന അവസ്ഥ കൂടി കണക്കിലെടുത്ത് കെട്ടിടം പണിക്കു ചെലവഴിച്ചിട്ടുള്ള മുഴുവൻ തുകയും തടസ്സപ്പെടുത്തുന്നു.

3-6 ട്രാക്ടർ വരവ്-ചെലവു രേഖകൾ കൃത്യമല്ല

ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസറുടെ നിയന്ത്രണത്തിലുള്ള ട്രാക്ടർ (നം. KL 61-999) ലേബർ ബാങ്കിനു കൈമാറുകയും ആയത് സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ലേബർ ബാങ്കിനായി ഗ്രൂപ്പ് ലീഡറിന്റേയും കൃഷി ഓഫീസറുടേയും പേരിൽ ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് നിലവിലുണ്ട്(അക്കൗണ്ട് നമ്പർ.6033486667). നിലവിൽ മണിക്കൂറിൽ 600/- രൂപ നിരക്കിലാണ് കർഷകരിൽ നിന്നും ഈടാക്കുന്നത്. ട്രാക്ടർ പ്രവർത്തിപ്പിക്കുന്നത് പ്രസ്തുത ലേബർ ബാങ്കിലെ കർഷകരാണ്. ലേബർ ബാങ്കുമായുള്ള എഗ്രിമെന്റ് പ്രകാരം മണിക്കൂറിന് 600/- രൂപ നിരക്കിൽ കർഷകരിൽ നിന്നും ഈടാക്കുകയും, മണിക്കൂറിന് 200/- രൂപ നിരക്കിലുള്ള ഡ്രൈവറുടെ ശമ്പളവും ഇന്ധന ചെലവും കഴിച്ച് മണിക്കൂറിന് 200/- രൂപ ക്രമത്തിൽ കൃഷി ഓഫീസിൽ അടവു വരുത്തേണ്ടതാണ്. കൃഷി ഓഫീസിൽ അടവു വരുത്തുന്ന 200/- രൂപ നിലവിൽ ലേബർ ബാങ്കിന്റെ അക്കൗണ്ടിലാണ് കൃഷി ഓഫീസർ ഒടുക്ക് വരുത്തുന്നത്. എന്നാൽ കൃഷി ഓഫീസിൽ ഒടുക്ക് വരുത്തുന്ന പ്രസ്തുത തുകയ്ക്ക് കൃഷി ഓഫീസർ രസീത് നൽകുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി ഓഫീസിൽ അടവു വരുത്തുന്ന തുകയ്ക്ക് രസീത് നൽകേണ്ടതും ആയത് പ്രകാരം ഈടാക്കുന്ന തുക തനത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

ട്രാക്ടറിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങളും, വരവുചെലവുകളും രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പോയ സ്ഥലവും, പ്രവർത്തിച്ച മണിക്കൂറും, വരവുചെലവുകളും അതിൽ രേഖപ്പെടുത്തുന്നുവെങ്കിലും, ട്രാക്ടർ പോയിട്ടുള്ള സ്ഥലത്തിന്റെ ദൂരം അടിസ്ഥാനമാക്കി മണിക്കൂർ കണക്കാക്കി പ്രവർത്തന സമയം ക്രമീകരിക്കുകയും, പാടശേഖരം വരെയും തിരിച്ചുമുള്ള ദൂരം കിലോമീറ്ററിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഉഴവ് ആരംഭിക്കുമ്പോഴുള്ള റീഡിംഗും അവസാനിക്കുമ്പോഴുമുള്ള റീഡിംഗും പ്രത്യേകം രേഖപ്പെടുത്തി കർഷകരുടെ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മാത്രമല്ല, കർഷകരിൽ നിന്നു വാങ്ങുന്ന തുകയ്ക്കു കൃത്യമായി രസീതു നൽകുകയും കൗണ്ടർഫോയിൽ പരിശോധനയ്ക്കു ഹാജരാക്കുകയും ചെയ്യേണ്ടതാണ്. ലേബർ ബാങ്കിനായി ഗ്രൂപ്പ് ലീഡറിന്റേയും കൃഷി ഓഫീസറുടേയും പേരിൽ ഫെഡറൽ ബാങ്കിൽ അകൗണ്ട് നിലവിലുണ്ടെങ്കിലും ഈടാക്കിയ തുകയിൽനിന്നും ചെലവുകൾ നേരിട്ടു നടത്തിയതിനു ശേഷമുള്ള ബാക്കി തുക മാത്രമേ അക്കൗണ്ട് ചെയ്യാറുള്ളൂ. ഇപ്രകാരം ചെലവു ചെയ്യുന്ന തുകകളിൽ പലതിനും വൗച്ചർ കൈപ്പറ്റു രസീത്. എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുകയോ ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-7 പൊതുടാപ്പുകളുടെ വെള്ളക്കരം-സംയുക്ത പരിശോധന അനിവാര്യം

1.4.2014 -ൽ 10268019/-രൂപ വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക അടവാക്കാനുണ്ട്. ആയത് 31.5.2016 ൽ പിഴപ്പലിശ ഉൾപ്പടെ 17263974/-രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. 2014-15 വർഷത്തിലെ വെള്ളക്കരം 152250/-രൂപ ആയിരുന്നു. നിലവിൽ ഇത് 228375/- രൂപയായാണ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നത്. 522 എണ്ണം വാട്ടർ ടാപ്പുകളാണ് നിലവിലുള്ളത്. വെള്ളക്കര കുടിശിക സംബന്ധിച്ച വിശദവിവരം എൻക്വയറി മുഖാന്തിരം (17/15.7.16) ആവശ്യപ്പെട്ടതിൽ 2008-09 മുതലുള്ള കുടിശികയാണെന്നും വിവിധ അലോട്ട്മെന്റുകളിൽ നിന്നും 12/2013 വരെ വെള്ളക്കരമിനത്തിൽ 7073387/- രൂപ ഉറവിടത്തിൽ കുറവു ചെയ്തിട്ടുണ്ടെന്നും 4/2011 മുതൽ 12/2013 വരെ ഡി.ഡി ആയി 4966500/- രൂപ നേരിട്ടും വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ജോയിന്റ് വേരിഫിക്കേഷൻ നാളിതുവരെ പൂർത്തിയായിട്ടില്ലെന്നും, കുടിശ്ശിക O.T.S വഴി ക്രമീകരിക്കുന്നതിന് 17.6.2016 ലെ KWA/PHD/kollam/RI-2013 പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്തപരിശോധനനടത്തി ഇപ്പോഴുള്ള പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കുടിശ്ശിക ആയതിനനുസരിച്ച് ക്രമീകരിക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ സത്വര ശ്രദ്ധ പതിയേണ്ടതാണ്.

3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

2014-15 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ഡിപ്പോസിറ്റ് വർക്കുകൾക്കായി തുക വിവിധ ഏജൻസികൾക്ക് കൈമാറിയെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം നല്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 115017/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | സ്ഥാപനം | ഡി.ഡി നം/ തീയതി, തുക | ഫണ്ടിനം |
|---|---|---|---|---|
| 73/15 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്. ഇ.ബി | 582003/16.3.15<br>72967/-രൂപ | തനത് ഫണ്ട് |
| 129/15 | പൈപ് ലൈൻ ഇന്റർ കണക്ഷൻ | കേരള വാട്ടർ അതോറിറ്റി | 522974/14.11.14<br>27000/-രൂപ | തനത് ഫണ്ട് |
| 134/15 | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | കെ.എസ് .ഇ.ബി | 480989/18.2.15<br>15050/-രൂപ | തനത് ഫണ്ട് |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

3-9 അങ്കണവാടി കെട്ടിടം - ഭൂമി സ്വകാര്യ വ്യക്തിയുടെ പേരിൽ

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 24 അങ്കണവാടികളിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിൽ ആണ് സ്ഥിതിചെയ്യുന്നത്. ഈ 11 കെട്ടിടങ്ങളിൽ 8 എണ്ണം സ്ഥിതി ചെയ്യുന്ന ഭൂമി ഇപ്പോഴും സ്വകാര്യ വ്യക്തികളുടെ പേരിൽ ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നമ്പർ | സ്ഥലപ്പേര് | സർവ്വേ നമ്പർ | റിമാർക്സ് |
|---|---|---|---|
| 28 | കോതപുരം | 475/12<br>1-10<br>T.P.4103 | കോതപുരം മുറിയിൽ മംഗലശ്ശേരിൽ വീട്ടിൽ ഹരിദാസൻ ഭാര്യ സുധർമ്മയുടെ പേരിൽ |
| 29 | കണത്താർകുന്നം | 94/10<br>0.049<br>T.P. | 1989-ൽ A.W.worker 2 cent സ്ഥലം അങ്കണവാടിക്ക് വേണ്ടി വാങ്ങി കൊടുത്തുവെങ്കിലും നിലവിൽ കണത്താർകുന്നം മണ്ണത്തയ്യത്ത് കറുത്തകുഞ്ഞിന്റെ പേരിൽ. സ്ഥലം അളവിൽ കുറവു കാണുന്നു. |
| 30 | വലിയപാടം വിളന്തറ | 110/3<br>2 cent<br>T.P.874 | വലിയപാടം വള്ളിവിളയിൽ നീലകണ്ഠൻ കുഞ്ഞിരാമൻ പേരിൽ |
| 32 | കടപുഴ കോയിക്കൽ ഭാഗം | Block No.12<br>340/11<br>4.00.90<br>3384<br>2 1/4 cent | കോയിക്കൽ ഭാഗം കോട്ടത്തറ വീട്ടിൽ അയ്യപ്പൻ പിള്ള ശങ്കരപിള്ളയുടെ പേരിൽ |
| 33 | നടുവിലക്കര | 762/10<br>Block No.11 | നടുവിലക്കര തെക്കേ കുഴജറ വീട്ടിൽ ഉമ്മിണിയം |

| | | | |
|---|---|---|---|
| | | 2 1/4 cent | ചെല്ലമ്മ, നടുവിലക്കര മുറിയിൽ പുള്ളാടിയിൽ അമ്പുക്കുട്ടിയമ്മ സരോജനിയമ്മയുടെ പേരിൽ |
| 35 | എൈത്തോട്ടുവ | 350/5<br>18-15<br>T.P.-2976 | ചെറുതോപ്പിൽ കൃഷ്ണൻ മകൾ കമലാക്ഷി, നാരായണി കല്യാണികൃഷ്ണൻ, പത്മനാഭൻ കൃഷ്ണൻ, അപ്പിലികല്യാണി മുതൽ പേർ പേരിൽ |
| | | 350/10<br>4.80<br>3.74:1.06<br>T.P.-2981 | എൈത്തോട്ടുവ മുറിയിൽ പയ്യാളൂർ വീട്ടിൽ അയ്യപ്പൻപിള്ള ഗോപാലകൃഷ്ണപിള്ള പേരിൽ |
| 36 | എൈത്തോട്ടുവ | 383/12/1-2<br>T.P.-11/12049 | എൈത്തോട്ടുവ മുറിയിൽ പുളിക്കത്തറ വീട്ടിൽ കുഞ്ഞുകൊച്ചു മകൾ ചന്ദ്രികയമ്മ പേരിൽ |
| 37 | വലിയപാടം | 309/10<br>നിലം<br>2.25<br>T3060<br>Block-12 | പടിഞ്ഞാറേ കല്ലട Q-74-ാംനമ്പർ മഹിളാസമാജത്തിനു വേണ്ടി സമാജം പ്രസിഡന്റ് വലിയപാടം കോട്ടത്തറ ബംഗ്ലാവിൽ കൊച്ചുകല്യാണി സുഭദ്രയമ്മ പേരിൽ. |

3-10 അംഗൻവാടികൾക്ക് സ്ഥലം വാങ്ങിയെങ്കിലും സെക്രട്ടറിയുടെ പേർക്ക് പോക്കുവരവ് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടിത്തിയില്ല

1)പഞ്ചായത്തിലെ 46-ാം നമ്പർ അംഗൻവാടിയ്ക്ക് വേണ്ടി 1.21 ആർ ഭൂമി കോതപുരം മഠത്തിവിള ബംഗ്ളാവ് വീട്ടിൽ ഗിരിജ കുഞ്ഞമ്മ എന്ന വ്യക്തിയിൽ നിന്ന് വാങ്ങുകയും ഡിഡി നം 480185/12.1.2015 പ്രകാരം 148980/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകുകയും ചെയ്തു.

2) 49-ാം നമ്പർ അംഗൻവാടിയ്ക്കായി 1ആർ 15 ച.മീറ്റർ വസ്തു വിളന്തറ ശ്രീനന്ദനം വീട്ടിൽ അംബികയിൽ നിന്ന് വാങ്ങുകയും ഡിഡി നം 481970/13.3.15 പ്രകാരം 99320/-രൂപ തനത്ഫണ്ടിൽ നിന്ന് നല്കുകയും ചെയ്തു.
എന്നാൽ മേൽ വസ്തുക്കൾ സെക്രട്ടറിയുടെ പേർക്ക് എഴുതി വാങ്ങിയതല്ലാതെ പോക്കുവരവ് നടത്തിയിട്ടില്ല. കൂടാതെ ആസ്തി രജിസ്റ്ററിൽ പ്രസ്തുത ആസ്തികളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 30/18.7.16 ന് താമസം വിനാ പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തി വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ആയതിൻമേൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3-11 നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങിയിരിക്കുന്നു

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം 48/15 പ്രകാരം രണ്ട് ലക്ഷം രൂപ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് അടങ്കൽ വകയിരുത്തുകയും ബിൽ നം. 1/2014-15 /28.2.15 പ്രകാരം 2 ലക്ഷം രൂപ പിൻവലിച്ച് ഡിഡി നം 481582/28.2.15 പ്രകാരം മാനേജിംഗ് ഡയക്ടർ, ഹോംകോയ്ക്ക് നല്കുകയും ചെയ്തു. 1.10.2015 ലെ എൽ എഫ് 556-ം ഇൻവോയ്സ് പ്രകാരം മരുന്ന് ലഭിക്കുകയും ആയത് സ്റ്റോക്കിലെടുത്തു. എന്നാൽ 16.11.2013 ലെ ജിഒ(എം എസ്) 362/2013 മാർഗരേഖ 7.4 അനുശാസിക്കും പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് മരുന്ന് വാങ്ങുന്ന പ്രോജക്ട് രൂപീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ആയത് വാങ്ങിയിരുന്നില്ല എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 15/13.7.16 ന് മെഡിക്കൽ ഓഫീസർ മറുപടി നല്കി. മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം മാത്രം പ്രോജക്ട് രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്.

3-12 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ രേഖ ഹാജരാക്കിയില്ല .

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് കന്നുകുട്ടി പരിപാലന പദ്ധതി (പ്രോജക്ട് നമ്പർ 28/14-15). പ്രസ്തുത പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 56 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നതിന് ധനകാര്യകമ്മീഷൻ ഇനത്തിൽ 350000/- രൂപ (ബിൽ നമ്പർ. 1/14-15/30.09.14 ഡി.ഡി നമ്പർ. 521759/30.09.14) അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം, കൊല്ലത്തിന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 6/11.7.16 നല്കിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പദ്ധതി തുക 350000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-13 പ്രവർത്തനമില്ലാതെ പഞ്ചായത്ത് ലൈബ്രറി

ഗ്രാമപഞ്ചായത്ത് ഓഫീസിനോടു ചേർന്ന കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല. ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, നാൾവഴി രജിസ്റ്റർ, രസിത് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ

വർഷങ്ങളായി ഈ ലൈബ്രറി പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമായി. ഇവിടെ 223 പേരാണ് മെമ്പർമാരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഗ്രന്ഥ വിതരണ രജിസ്റ്റർ പ്രകാരം 11.09.2007 വരെയാണ് പുസ്തകങ്ങൾ വിതരണം ചെയ്തതായി രേഖയുള്ളത്. രസീത് ബുക്ക് പരിശോധിച്ചതിൽ നിന്നും നാൾവഴി രജിസ്റ്റർ പ്രകാരവും 16.01.2014 വരെ മാത്രമേ ലൈബ്രറി വരവ് ഉള്ളു.

ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 1324 പുസ്തകങ്ങൾ ഉള്ളതായി രേഖയുണ്ടെങ്കിലും 13.07.16 തിയതിയിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതീക പരിശോധനയിൽ 975 പുസ്തകങ്ങൾ മാത്രമാണ് കണ്ടെത്തിയത്. ഓഡിറ്റ് ഭൗതീക പരിശോധനയ്ക്ക് എത്തിയപ്പോഴും പുസ്തകം സൂക്ഷിച്ചിരുന്ന ഹാൾ അടച്ചു പൂട്ടിയ നിലയിലായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രതിമാസം 2050/- രൂപാ നിരക്കിൽ ലൈബ്രേറിയന് ഹോണറേറിയം നൽകിവരുന്നുണ്ട്.

14.10.2014 തീയതിയിലെ നമ്പർ III തീരുമാന പ്രകാരം പടിഞ്ഞാറേ കല്ലട വില്ലേജ് ഓഫീസ് നവീകരണ പ്രവർത്തനത്തിന് നിലവിലുള്ള വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതാണെന്നും വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് ഓഫീസിലെ ലൈബ്രറി കെട്ടിടം വാടക രഹിതമായി നൽകണകമെന്ന വില്ലേജ് ഓഫീസറുടെ അഭ്യർത്ഥന അനുസരിച്ച് ലൈബ്രറി കെട്ടിടം വിട്ടു കൊടുക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. ആയതിനെ തുടർന്നാണ് ലൈബ്രറി മറ്റൊരു ഹാളിലേയ്ക്ക് മാറ്റിയത്.

ആവശ്യത്തിനുള്ള മേശ, കസേരകൾ എന്നിവ റൂമിൽ ഉണ്ട്. വലിയ ഗ്ലാസിട്ട രണ്ടു ഷെൽഫുകളിലും ഒരു അലമാരയിലുമായി ബുക്കുകൾ സൂക്ഷിക്കുന്നു. അപൂർവ്വങ്ങളും വിലപിടിപ്പുള്ളതുമായ ഒട്ടേറെ സാഹിത്യ കൃതികൾ, കൂടാതെ അക്കാഡമിക്, പൊതുവിജ്ഞാനം, എൻട്രൻസ്, മത്സര പരീക്ഷകൾ എന്നിവയ്ക്കുള്ള പുസ്തകങ്ങളും ശേഖരത്തിൽ ഉണ്ട്. അങ്ങനെയുള്ള ലൈബ്രറി തുറന്ന് കൃത്യമായ രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-14 WGDP – പ്ലാൻ ഫണ്ട് പിൻവലിച്ച് ഒരു വർഷം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു

100% പ്ലാൻ ഫണ്ട് ചെലവിനായി പ്ലാൻ ഫണ്ട് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു. പശ്ചിമഘട്ട വികസന പദ്ധതിയുടെ പ്ലാൻ ഫണ്ട് തുക (2013-14 വർഷത്തെ) 17.03.2014 തീയതിയിൽ പിൻവലിച്ച് ആയതിനുവേണ്ടി ആരംഭിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. അക്കൗണ്ട് നമ്പർ 10830100156411 – ൽ 48375/- രൂപയും അക്കൗണ്ട് നമ്പർ 10830100156429 - ൽ 53750/- രൂപയും നിക്ഷേപിച്ചിട്ട് ഒരു വർഷത്തിനു ശേഷമാണ് ഈ തുകകൾ തൻവർഷ തുകയോടൊപ്പം നിർവ്വഹണ ഏജൻസിയായ PASS-ന് നൽകിയത് (ചെക്ക് നമ്പർ 1008443/04.03.15 തുക408375/- രൂപ , ചെക്ക് നമ്പർ 10084351 തീയതി 28.03.15 തുക 416250/- രൂപ). ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (9/16.07.16)-ക്ക് മറുപടിയായി 100% പ്ലാൻ ഫണ്ട് ചെലവ് കാണിക്കാനായി തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു എന്നത് അംഗീകരിക്കാനാവില്ല. ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (G.O.(P) No.177/2006/ധനം 02.04.2006) ആവശ്യത്തിനുള്ള തുക മാത്രം പിൻവലിച്ച് ഉപയോഗിക്കുന്നതിന് നിർദ്ദേശമുള്ളപ്പോൾ തുക മുൻകൂർ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ക്രമവിരുദ്ധമാണ്. ഇത്തരത്തിൽ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

### 3-15 അംഗൻവാടികൾ പലതും പ്രവർത്തിക്കുന്നനത് അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ

അംഗൻവാടികൾ പലതും പ്രവർത്തിക്കുന്നത് അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിലാണ്.

* വർഷങ്ങളായി മിക്ക അംഗൻവാടികൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.

*മുൻഗണനാക്രമം നിശ്ചയിക്കാതെ മുൻ വർഷങ്ങളിൽ അംഗൻവാടികൾക്ക് അറ്റകുറ്റപണികൾ നടത്തി - അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളെ ഒഴിവാക്കി മറ്റുള്ളവയ്ക്ക് പണം ചെലവഴിക്കുന്നു.

* 2014-15 ൽ പ്രോജക്ട് വച്ച ഏഴ് അംഗൻവാടികളുടെ മെയിന്റനൻസ് നടപ്പിലാക്കിയില്ല.

* തൊഴുത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിയുടെ വാടക 1000/- രൂപ.

ഗ്രാമപഞ്ചായത്തിൽ ആകെ 24 അംഗൻവാടികളാണുള്ളത്. അവയിൽ 11എണ്ണം സ്വന്തം കെട്ടിടത്തിലും 13 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നനത്. തൻവർഷം അംഗൻവാടികൾക്കൊന്നും തന്നെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ അംഗൻവാടികളുടെ നിലവിലെ അവസ്ഥ പരിശോധിക്കുന്നതിന് വിവിധ വാർഡുകളിലെ അംഗൻവാടികൾ എഞ്ചിനീയറിംഗ് വിഭാഗം അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സന്ദർശിക്കുകയുണ്ടായി. കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്നു മാത്രമല്ല കെട്ടിടങ്ങളിൽ ഏറെയും വളരെ അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്നു എന്നാണ് കാണാൻ കഴിഞ്ഞത്. ഏതു നിമിഷവും നിലം പൊത്താവുന്ന ടോയ് ലറ്റ്, അപകടാവസ്ഥയിലുള്ള ചുറ്റുമതിൽ, ഈർപ്പം പിടിച്ച് അപകടാവസ്ഥയിലായ കെട്ടിടങ്ങൾ എന്നിവ മുതൽ ടെണ്ടർ ചെയ്ത് കരാർ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെയും പണിയാരംഭിക്കാത്ത കെട്ടിടങ്ങൾ വരെയുണ്ട് കൂട്ടത്തിൽ. നിലവിലെ സാഹചര്യത്തിൽ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് നൽകാത്തതും അടിയന്തിര അറ്റകുറ്റപണികൾ നടത്താത്തതും ഗൗരവമായി കാണുന്നു. കൂടാതെ പരിശോധന നടത്തിയ അംഗൻവാടികളിൽ തൊഴുത്തിൽ പ്രവർത്തിക്കുന്നവയും ഉണ്ട്.

42-ാം നംമ്പർ അംഗൻവാടി-നടുവിലക്കര-വാർഡ്-8

കടപുഴ, കണങ്കാട് PWD റോഡരികിൽ നെൽപ്പുരക്കുന്നിൽ വളവിൽ ഓർക്കണ്ടത്തിൽ ഭാഗം റോഡ് വന്ന് ചേരുന്ന മുക്കിലാണ് അംഗൻവാടി സ്ഥിതിചെയ്യുന്നത്. റോഡ് വക്കിലുള്ള ഒരു കടയാണിത്. വരാന്ത റോഡ് വിളുമ്പിനോട് ചേർന്ന് നിൽക്കുന്നു. കെട്ടിടത്തോട് ചേർന്ന് 11 kv ലൈൻ ടവർ സ്ഥിതിചെയ്യുന്നു. ജംഗ്ഷൻ ഫ്യൂസ് സംവിധാനം പിടിപ്പിച്ചിട്ടുള്ള ടവറിന്റെ സ്റ്റേ വയർ അംഗൻവാടി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റ വരാന്തയ്ക്കുള്ളിലാണ് സ്ഥിതിചെയ്യുന്നത്. അംഗൻവാടിയുടെ കൂരയിൽ നിന്നും ടാർപ്പ കെട്ടി തട്ടുകട പ്രവർത്തിക്കുന്നു. ഒരു വശത്ത് വാരിയോടുകൾ തകർന്ന് വീഴാറായ നിലയിലാണ്. സ്റ്റോർ റൂം ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ നിലയിലാണ്.

31-ാം നമ്പർ അംഗൻവാടി-വിളന്തറ -5-ാം വാർഡ്

ചെങ്കുത്തായ ഭൂപ്രദേശത്താണ് അംഗൻവാടി സ്ഥിതിചെയ്യുന്നത്. നേരത്തേ ഉണ്ടായിട്ടുള്ള ഭൂഭ്രംശം കൊണ്ടാണെന്നു പറയുന്നു, കെട്ടിടത്തിന്റെ അടിസ്ഥാനം മുതൽ ടെറസ്സ് വരെ മുഴുവൻ പൊട്ടിക്കീറി അകന്നു മാറിയിരിക്കുന്നു. ഒരു കാരണവശാലും വാസ യോഗ്യമല്ലാത്തത്ര അപകടാവസ്ഥയിലുള്ള കെട്ടിടത്തിലാണ് അംഗൻവാടി പ്രരവർത്തിക്കുന്നത്. തറയിലും മുറ്റത്തും പ്രവേശന കവാടത്തിലും റോഡിലേക്കും വരെ പൊട്ടിപ്പിളർന്നിരിക്കുന്നതിനാൽ ഇനിയും ഭൂചലനം കൊണ്ടുള്ള അപകട സാധ്യത തള്ളിക്കളയാനാവില്ല. ഈ സാഹചര്യത്തിൽ അടിയന്തിരമായി മറ്റേതെങ്കിലും ഭാഗത്തേക്ക് കെട്ടിടം മാറ്റി പണിയുന്നതാവും ഉചിതം.

41ാം നമ്പർ അംഗൻവാടി -ഐത്തോട്ടുവാ – 11-ാം വാർഡ്

മുഴുവൻ ആസ്ബസ്റ്റോസ് ഷീറ്റിട്ട പൂശാത്ത പഴയ കെട്ടിടം. റോഡ് വക്കിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിനു ചുറ്റുമതിലില്ല. മൂന്നു വർഷങ്ങളായി ഈ കെട്ടിടത്തിലാണ് അംഗൻവാടി പ്രവർത്തിക്കുന്നത്. അപകടാവസ്ഥയിലുള്ള കെട്ടിടത്തിന്റെ മുകളിലേക്ക് ശീലാന്തി മരം ചാഞ്ഞുനിൽക്കുന്നു. ഏറ്റവും അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന ടോയിലറ്റാണ് കുട്ടികൾ ഉപയോഗിക്കുന്നത്. അടിസ്ഥാനവും മേലോട്ടുള്ള കെട്ടും ഇളകി വീഴാറായ അവസ്ഥയിൽ നിൽക്കുന്ന ടോയിലറ്റിന്റെ മുകളിൽ സ്ലാബ് എടുത്തുവച്ച നിലയിലാണ് . പൊട്ടിപ്പൊളിഞ്ഞ സ്ലാബിന്റെ കമ്പികൾ പുറത്തുവന്ന് തുരുമ്പിച്ച് കൂർത്ത അഗ്രവുമായി നിൽക്കുന്നു. ഏതു നിമിഷവും നിലം പൊത്താവുന്ന അവസ്ഥ.

50-ാം നമ്പർ അംഗൻവാടി - കാരാളി ടൗൺ – വാർഡ് നം. 1

12 കുട്ടികൾ ഉള്ള അംഗൻവാടി പ്രരവർത്തിക്കുന്നത് ഒരു സ്വകാര്യ വ്യക്തിയുടെ വീടിനോട് ചേർന്നുള്ള വാടകക്കെട്ടിടത്തിലാണ്. ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടത്തിന് നാലു മുറികളായി തിരിച്ചിട്ടുണ്ട്. വേണ്ടത്ര സുരക്ഷിതമല്ലാത്ത ഒരു സെമി പെർമനന്റ് കെട്ടിടമാണിത്. രണ്ട് മുറികൾ അംഗൻവാടികളായി ഉപയോഗിക്കുന്നു. അതിനോട് ചേർന്ന് രണ്ടറ്റത്തുമുള്ള മുറികളിൽ സമീപത്തെ റേഷൻകടയിലെ സാധനങ്ങളാണ് സ്റ്റോക്ക് ചെയ്തിരിക്കുന്നത്. അതിലൊന്നിൽ റേഷൻകടയിലെ നാലു മണ്ണെണ്ണ വീപ്പകളാണ് സൂക്ഷിക്കുന്നത്. തീ പിടിക്കാൻ സാധ്യതയുള്ള വസ്തു അംഗൻവാടി പ്രവർത്തിക്കുന്നതിന്റെ തൊട്ടടുത്ത മുറിയിൽ സൂക്ഷിക്കുന്നത് ഏറ്റവും അപകടകരമായ ഒരു സാഹചര്യമാണ് സൃഷ്ടിച്ചിട്ടുള്ളത്. കുട്ടികൾ ഉപയോഗിക്കുന്നത് 25 മീറ്റർ അകലെയുള്ള വീടിന്റെ ടോയിലറ്റ് ആണ്. അതിന്റെ പരിസരം കാടു പിടിച്ചുകിടക്കുന്നു.

28-ാം നമ്പർ അംഗൻവാടി -– വാർഡ് നം. 14

അംഗൻവാടിയോടു ചേർന്നുള്ള മതിൽ അപകടാവസ്ഥയിൽ. ചാഞ്ഞുനിൽക്കുന്ന മതിലും അംഗൻവാടിയുടെ കെട്ടിടത്തിന്റെ ഭിത്തിയും തമ്മിൽ അര മീറ്റർ പോലും അകലമില്ല. ഈ സ്ഥലത്തു കൂടിയാണ് കുട്ടികൾക്കു ടോയിലറ്റിൽ പോകേണ്ടത്. കുട്ടികൾക്കുവേണ്ടിയുള്ള ടോയിലറ്റ് അപകടാവസ്ഥയിലാണ്.

തൊഴുത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടി

ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികൾ സന്ദർശിച്ചതിൽ ഒരെണ്ണം തൊഴുത്തിലാണ് പ്രവർത്തിക്കുന്നത് എന്നു കാണാൻ കഴിഞ്ഞു. 3-ാം വാർഡിലെ കോട്ടക്കുഴി മുക്ക് 45-ാം നമ്പർ അംഗൻവാടി കെട്ടിടമില്ലാത്തതുകൊണ്ടാണ് സ്വകാര്യ വ്യക്തിയുടെ തൊഴുത്തിൽ പ്രവർത്തിക്കുന്നത്. സുരക്ഷിതത്വം ഇല്ലാത്ത ചുറ്റുപാടിലും വൃത്തിഹീനമായ സാഹചര്യങ്ങളിലും പ്രവർത്തിക്കുന്ന ഇവിടത്തെ കാഴ്ച ദയനീയമാണ്. തൊഴുത്തിന്റെ ഒരു ഭാഗത്ത് ആടുകളെ വളർത്തുന്നു. അതിന്റെ രൂക്ഷ ഗന്ധമാണ് അംഗൻവാടി പ്രവർത്തിക്കുന്ന ഭാഗത്ത്. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടിൽ കുട്ടികൾ ചെലവഴിക്കുന്നതും ആഹാരം കഴിക്കാൻ ഇടയാകുന്നതും ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധയിൽ വരുന്നില്ല എന്നത് അത്ഭുതപ്പെടുത്തുന്നു. ഇതിനു വാടകയായി 1000/- രൂപ നൽകുന്നു.

അതേ സമയം തീരെ മോശമല്ലാത്ത പല അംഗൻവാടികളിലും കൂടുതൽ മെച്ചപ്പെട്ട നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളതും കാണാൻ കഴിഞ്ഞു. ഇതിൽ നിന്നും മനസ്സിലാകുന്നത് പലപ്പോഴും അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളെപ്പോലും പരിഗണിക്കാതെ, മുൻഗണനാക്രമം നിശ്ചയിക്കുന്നു എന്നതാണ്.

ചുരുങ്ങിയ സമയംകൊണ്ട് 27 അംഗൻവാടികൾ സന്ദർശിക്കുക എന്നത് അപ്രായോഗികമാണ്. എന്നാൽ മൊത്തത്തിലുള്ള അവസ്ഥയുടെ ഒരു പരിഛേദമായി ഇതിനെ കണക്കാക്കുന്നു. പരിശോധിച്ചവയുടെ അവസ്ഥ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയുള്ള അസി. എഞ്ചിനീയറെ നേരിട്ട് ബോധ്യപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

മറ്റുള്ള അംഗൻവാടികൾ കൂടി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യകതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി തയ്യാറാക്കുന്നതിലേക്കായി ഭരണ സമിതിക്കു സമർപ്പിക്കുന്നതിനും അസി. എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു.

അദ്ധ്യന വർഷം ആരംഭിച്ച് ഒരു മാസം പിന്നിട്ടിട്ടും അംഗൻവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് നൽകാൻ കഴിയാത്ത സാഹചര്യം അസിസ്റ്റന്റ് എഞ്ചിനീയർ വിശദമാക്കേണ്ടതാണ്.

3-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല, റോഡ് അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ ലഭ്യമല്ല.

തൻവർഷം 11286413/- രൂപ മരാമത്തുപണികൾക്കായി വകയിരുത്തുകയും 9554555/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികൾക്കു വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് രജിസ്റ്റർ പരിപാലിക്കുന്നതുമില്ല. മാത്രമല്ല, നേരത്തേയുള്ള ആസ്തി രജിസ്റ്ററിൽത്തന്നെ ഓരോവർഷവും ചെയ്യുന്ന റോഡ് പ്രവൃത്തികളുടെ വിവരങ്ങൾ കാലീകമാക്കുന്നില്ല. ഒരിക്കൽ ഒരു റോഡ് നിർമ്മിക്കുകയോ അറ്റകുറ്റപ്പണികൾ ചെയ്യുകയോ ചെയ്താൽ മൂന്നു വർഷത്തേക്ക് സാധാരണ നിലയിൽ അതിൽ തുക ചെലവഴിക്കരുതെന്ന് നിർദ്ദേശമുണ്ട്. ഈ സാഹചര്യത്തിൽ റോഡ് പ്രവൃത്തികൾക്കായി പ്രോജക്ട് വയ്ക്കുമ്പോൾ ആ റോഡിൽ അവസാനമായി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എപ്രകാരമാണ് പരിഗണിക്കുന്നത് എന്ന ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി നൽകുന്നതിന് അസി. എഞ്ചിനീയർക്കു കഴിഞ്ഞിട്ടില്ല.

ഒരു വർഷം ഗ്രാമപ്പഞ്ചായത്ത് ആർജ്ജിക്കുന്ന ആസ്തികളിൽ ഭൂരിഭാഗവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ വഴിയാണ്. റോഡ്, കെട്ടിടങ്ങൾ തുടങ്ങിയ ആസ്ഥികളുടെ വിവരങ്ങൾ കാലികമാക്കാത്തതിനു വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

3-17 പശ്ചിമഘട്ട വികസനം-മാർഗരേഖ പാലിക്കുന്നില്ല

പശ്ചിമഘട്ട വികസനം-മാർഗരേഖ പാലിക്കുന്നില്ല

പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്തിൽ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന രണ്ട് നീർത്തട പദ്ധതികളാണ് ഐത്തോട്ടുവ നീർത്തട പദ്ധതിയും, വലിയപാടം നീർത്തട പദ്ധതിയും. ഐത്തോട്ടുവ നീർത്തട പദ്ധതി പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, വലിയപാടം നീർത്തട പദ്ധതി പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ തന്നെ പോഷക സോസൈറ്റിയായ എസ്.ഒ.ആർ.ഡി യുമാണ് നിർവഹണം നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു,

1. നീർത്തട കമ്മിറ്റി മാസത്തിൽ ഒരു പ്രാവശ്യം ചേരേണ്ടതാണ് എന്ന് പശ്ചിമഘട്ട പദ്ധതി മാർഗ്ഗരേഖയിലെ നീർത്തട കമ്മിറ്റിയുടെ ചുമതലകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും വർഷത്തിൽ ഒരു നീർത്തടകമ്മിറ്റി മാത്രമാണ് കൂടിയിട്ടുള്ളത്.

2. വർഷത്തിൽ കുറഞ്ഞത് 4 പ്രാവശ്യമെങ്കിലും നീർത്തട ഗ്രാമസഭ ചേർന്നിരിക്കണമെന്നിരിക്കെ ഒരു ഗ്രാമസഭ മാത്രമാണ് വർഷത്തിൽ കൂടിയിട്ടുള്ളത്.

3. നീർത്തട കമ്മിറ്റി രൂപം കൊടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന് നീർത്തട ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിരിക്കണം എന്ന് വ്യവസ്ഥയുണ്ടായിരുന്നിട്ടും നീർത്തട ഗ്രാമസഭയിൽ ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടില്ല

4. ആക്ഷൻപ്ലാൻ നീർത്തട ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

5. നീർത്തട കമ്മിറ്റി തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിക ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതാണെന്നിരിക്കെ ഈ നടപടി ക്രമം പാലിച്ചിട്ടില്ല

6. നിർവ്വഹണ ഏജൻസികളായ പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി, എസ്.ഒ.ആർ.ഡി എന്നിവ പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് ജില്ലാ കളക്ടറുമായി ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടില്ല

7. നീർത്തട പ്രോജക്ടിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബില്ലുകളുടേയും വൌച്ചറുകളുടേയും ക്ലെയിമുകളുടേയും തുക നീർത്തട കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നൽകേണ്ടതെന്നും പ്രോജക്റ്റ് നിർവ്വഹണ ഏജൻസിയുടെ ക്ലെയിമുകളും ബില്ലുകളും വൌച്ചറുകളും നീർത്തട കമ്മിറ്റിയുടെ അംഗീകാരത്തോടെ പാസ്സാക്കണമെന്നും അതിൻമേൽ നീർത്തട കമ്മിറ്റിയുടെ ചെയർമാനും കൺവീനറും ഒപ്പുവയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഏജൻസി ഹാജരാക്കിയ ബില്ലുകളും വൗച്ചറുകളും നീർത്തട കമ്മിറ്റി അംഗീകരിച്ചിട്ടില്ല

8. പശ്ചിമഘട്ട പദ്ധതിയനുസരിച്ച് നൽകുന്ന സബ്സിഡിക്കുള്ള മാനദണ്ഡങ്ങൾ ത്രിതല പഞ്ചായത്തുകളുടെ വികസന പദ്ധതികൾക്ക് ബാധകമായിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് എന്ന് നിക്ഷ്കർഷിച്ചിട്ടുണ്ടെങ്കിലും സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കൾക്കുള്ള സബ്സിഡി പണമായിട്ടാണ് നൽകിയിട്ടുള്ളത്.

9. നീർത്തടത്തിലെ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് കമ്മിറ്റി നേരിട്ട് വിലയിരുത്തേണ്ടതും തുക അനുവദിക്കുന്നതിനായി പദ്ധതി പ്രവർത്തികൾ ചെയർമാനും ബന്ധപ്പെട്ട ഉദ്ദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണെന്നിരിക്കേ ഇത് പാലിച്ചിട്ടില്ല

10. പരിശോധന സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തന്നെ കൃഷി ഓഫീസർ ഗുണഭോക്താക്കൾക്ക് അർഹതയുള്ള തുകയ്ക്ക് ചെക്ക് എഴുതി ഒപ്പിടുകയും അതിൽ നീർത്തട കമ്മിറ്റി ചെയർമാന്റെ ഒപ്പ് വാങ്ങേണ്ടതുമാണെന്നിരിക്കേ ഗുണഭോക്താക്കൾക്ക് അർഹതയുള്ള തുക ഏജൻസി നേരിട്ട് ഗുണഭോക്താക്കൾക്ക് പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

11. ഗുണഭോക്തൃവിഹിതം സമാഹരിക്കേണ്ടത് നീർത്തട കമ്മിറ്റിയുടെയും നീർത്തട ഗ്രാമസഭയുടേയും ചുമതലയാണെന്നിരിക്കേ, ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ ഏജൻസി ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം തെങ്ങിൻ തടം തുറക്കൽ, വെറ്റില കൃഷി, തൊഴുത്ത് നിർമ്മാണം എന്നിവയ്ക്കെല്ലാം ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുകയാണ് പണമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

12. പശ്ചിമഘട്ട പദ്ധതി അനുസരിച്ച് സൃഷ്ടിക്കപ്പെട്ടതും ആർജിച്ചതുമായ ആസ്തികൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല

പശ്ചിമഘട്ട പദ്ധതി പ്രവർത്തനങ്ങൾ മാർഗ്ഗരേഖ പാലിച്ച് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 124500 | മിനി ട്രാക്ടർ വാങ്ങൽ | 124500 | - |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2014-15 | 77500 | മിനി ട്രാക്ടർ വാങ്ങൽ | 77500 | - |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2014-15 | 62028 | സമഗ്ര നെൽകൃഷി വികസനം | 62028 | - |
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 62500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62500 | - |
| ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 45000 | സമഗ്ര നെൽകൃഷി | 45000 | - |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2014-15 | 75000 | സമഗ്ര നെൽകൃഷി | 75000 | - |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21400581<br>21400900 | 72967 | ഇല്ല | 72967 |
| KWA | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 21400513 | 27000 | ഇല്ല | 27000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന വായ്പ | 951/2010 തസ്വഭവ തീയതി 19.03.2010 | 11445000 | 6614400 | 1102400 | 841986 | 5512000 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14900/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2010-11 | 3.7 | 200 | എം.ബിജു, LDC | 11401101134/ 01/10/2014 |
| 2010-11 | 3.9 | 10000 | കൊച്ചുകുഞ്ഞ് , VEO | 17/ 10/10/2014 |
| 2010-11 | 3.15 | 3600 | | 101171/ 13/10/2014 |
| 2012-13/ 2013-14 | 2.2 | 850 | ബിജു, ശാന്തി , കൈരളി നഗർ, വാഴയില, കുട്ടപ്പനക്കുന്ന് | 1141610366/ 12/03/2015 |

| | | | | |
|---|---|---|---|---|
| | | | | |
| 2012-13/<br>2013-14 | 2.2 | 250 | ശിവരാജു, തെക്കേത്തറയിൽ, ഐത്തോട്ടുവ | 118101101303/<br>16/12/14 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2006-07 | 3(11)(3) | തൊഴിൽ രഹിത വേതനം സംബന്ധിച്ച് | ആദ്യ മറുപടി നൽകിയിട്ടുണ്ട് |
| 2002-03 | | 2006-07 | 3(11)(8) | പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് | ആദ്യ മറുപടി നൽകിയിട്ടുണ്ട് |

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74739107/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66199890/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4487/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 192909/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 918755/-രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 2-3 | 4487 | | രാജൻ പണിക്കർ,<br>സെക്രട്ടറി |
| 3-1 | | 150000 | മോഹനകുമാരൻ,<br>അസിസ്റ്റന്റ്<br>സെക്രട്ടറി |
| 3-2 | | 28800 | എച്ച്. എം,സുമംഗലദേവി |
| 3-4 | | 14109 | 1)ശ്രീമതി.സരിത<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>2)ശ്രീ.മുഹമ്മദ് കുഞ്ഞ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 453738 | സരിത<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 115017 | രാജൻ പണിക്കർ,<br>സെക്രട്ടറി |
| 3-12 | 350000 | വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| രാജൻ പണിക്കർ,<br>സെക്രട്ടറി | വിരമിച്ചു | കൊല്ലംവിളാകത്ത്,<br>കൈതക്കോട്. പി.ഓ.<br>കൈതക്കോട് |
| മോഹനകുമാരൻ,<br>അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | പന്തപ്ലാവിൽ<br>മുളുപിലാക്കാട് വെസ്റ്റ്<br>പോരുവഴി |
| സുമംഗലാദേവി<br>എച്ച്. എം | ലഭ്യമല്ല | മുത്തേടത്ത് മഠം,<br>പെരുവേലിക്കര പി.ഓ.<br>കടപുഴ |
| സരിത<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>മുഹമ്മദ് കുഞ്ഞ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | എ.ഇ.<br>വിരമിച്ചു | കൊല്ലയത്ത് വീട്,<br>ചവറ ബ്രിഡ്ജ്. പി.ഓ<br><br>അനസ് വില്ല<br>നെടുമ്പന. പി.ഓ |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|
| 1994-95<br>1995-96 | LFQ/P8/1197(5)/14 dt.9.6.14 | 5 |
| 1996-97<br>1997-98 | LFQ/P8/1197(6)/14 dt.9.6.14<br>LFQ/P8/1197(7)/14 dt.9.6.14 | 11<br>1 |
| 1998-99 | LFQP8/1197(8)/14 dt.9.6.14 | 12 |
| 1999-00 | LFQP8/1197(9)/14 dt.20.06.14 | 3 |
| 2000-01 | LFQP6/1197(10)/14 dt.20.06.14 | 3 |
| 2001-02<br>2002-03 | LFQP8/1197(11)/14 dt.20.06.14<br>LFQP8/1197(12)/14 dt.20.06.14 | 1<br>9 |

| | | |
|---|---|---|
| 2003-04 | LFQP8/1197(13)/14 dt.20.6.14 | 14 |
| 2004-05<br>2005-06 | LFQP8/1197(14)/14 dt.20.6.14<br>LFQP8/1197(15) dt.20.6.14 | 12<br>19 |
| 2006-07 | LFQP8/1197(16)/14 dt.20.6.14 | 10 |
| 2007-08 | LFQP8/1197(17)/14 dt.20.06.14 | 11 |
| 2008-09 | LFQP8/1197(18)/14 dt.20.6.14 | 5 |
| 2009-10 | LFQP8/1197(19)/14 dt.20.6.14 | 4 |
| 2010-11&<br>2011-12 | LFQP8/1197(20)/14 dt.20.6.14 | 15 |
| 2012-13 &<br>2013-14 | LFQP8/894/15 dt.20.4.15 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

കെ.എസ്.എ. കെ.എൽ.എം-പി.7/1167/2016 തീയതി : 30.07.2016

## <u>സാക്ഷ്യപത്രം 2014 -15</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കുമ്മിൾ ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യ പത്രിക പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്തിന്റെ 2013-14 ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം

<u>ന്യൂനതകളുടെ സംഗ്രഹം</u>

പ്ലാൻ ഫണ്ട് പിൻവലിച്ച് തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.